# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കരുണാവർഷവുമായി മാർപാപ്പ




വത്തിക്കാൻ സിറ്റി: കരുണയുടെ വർഷാചരണത്തിനായി ഫ്രാൻസിസ് മാർപാപ്പാ പുതിയ അജപാലനനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സുവിശേഷവത്ക്കരണത്തിനായുള്ള പൊന്തിഫിക്കൽകൗൺസിൽപ്രസിഡന്റിന് അയച്ച കത്തിലാണ് പാപ്പായുടെ പുതിയ നിർദ്ദേശങ്ങൾ.

എല്ലാ വിശ്വാസികൾക്കും ദൈവത്തിന്റെ കരുണ പരിചിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിർദ്ദേശങ്ങൾ. ഡിസംബർ എട്ടിന് ആരംഭിക്കുന്ന കരുണയുടെ വർഷത്തിൽ എല്ലാ വൈദികർക്കും ഗർഭച്ഛിദ്രപാപത്തിന് കുമ്പസാരത്തിലൂടെ പാപമോചനം നൽകുന്നതിന് അധികാരമുണ്ടായിരിക്കുമെന്ന മാർപാപ്പാ വ്യക്തമാക്കി. പാപികളെ തേടിയെത്തിയ ഈശോയുടെ അനുകമ്പ എല്ലാവർക്കും ലഭ്യമാക്കുന്നതിനാണ് ബിഷപ്പുമാർക്കും അവർ പ്രത്യേകം നിയോഗിക്കുന്ന വൈദികർക്കും മാത്രമായി പരിമിതപ്പെടുത്തിയിരുന്ന പ്രത്യേകപാപമോചനാധികാരം എല്ലാ വൈദികർക്കും നല്കിയത്. വിശുദ്ധവർഷത്തിൽ ആരും ദൈവസന്നിധിയിൽനിന്ന് അകലെയാകരുത്. പശ്ചാത്താപത്തോടെ തിരുസന്നിധിയിലെത്തുന്നവരെ തിരസ്കരിക്കരുത്. ബാഹ്യസമ്മർദ്ദവും തെറ്റിന്റെ ആഴത്തെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ് പലപ്പോഴും ഗർഭച്ഛിദ്രത്തിലേയ്ക്ക് നയിക്കുന്നത്. ചെയ്ത തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുന്ന ദൈവമക്കൾക്ക് പാപമോചനം ലഭിക്കണം.' മാർപാപ്പാ വ്യക്തമാക്കി.

നമ്മുടെ പാപങ്ങൾ പൂർണമായി ക്ഷമിക്കുകയും മറന്നുകളയുകയും ചെയ്യുന്ന പിതാവിന്റെ കരുണാർദ്രമുഖം ജൂബിലിദണ്ഡവിമോചനമായി ഒരോരുത്തരെയും കണ്ടുമുട്ടാനിടയാകട്ടെയെന്ന് പാപ്പാ ആശംസിച്ചു. നിർദേശിക്കപ്പെട്ട ദൈവാലയങ്ങളിൽ വിശുദ്ധ വാതിലിലടെ കടക്കുന്നവർക്കാണ് പരമ്പരാഗതമായി ജൂബിലിയുടെ ദണ്ഡവിമോചനം ലഭിക്കുന്നത്. കുമ്പസാരത്തിലൂടെയും വിശുദ്ധകുർബാനയിലൂടെയും കരുണയെക്കുറിച്ചുള്ള ധ്യാനത്തിലൂടെയുമാണ് പൂർണ്ണദണ്ഡവിമോചനം സാധ്യമാകുന്നത്. വിശ്വാസപ്രഖ്യാപനവും മാർപാപ്പായ്ക്കും മാർപാപ്പായുടെ നിയോഗങ്ങൾക്കും വേണ്ടിയുള്ള പ്രാർത്ഥനയും ദണ്ഡവിമോചനത്തിനുള്ള ഘടകങ്ങളാണ്. ജൂബിലിവർഷത്തിൽ വിശുദ്ധവാതിലിലൂടെ ശാരീരികമായി തീർത്ഥാടനം നടത്താൻ സാധിക്കാത്ത രോഗികൾ, തടവുകാർ, പ്രായമായവർ തുടങ്ങിയവരിലേക്കും പിതാവിന്റെ കരുണ മാർപാപ്പായുടെ കരുതലിലൂടെ വർഷിക്കപ്പെടുകയാണ്. ക്ലേശത്തിന്റെ നിമിഷങ്ങളിൽ വിശ്വാസത്തോടും പ്രത്യാശാനിർഭരമായ ആനന്ദത്തോടുംകൂടെ ജീവിച്ചുകൊണ്ട് വിശുദ്ധകുർബാനയിൽ സംബന്ധിക്കുകയോ ദിവ്യകാരുണ്യം സ്വീകരിക്കുകയോ വിവിധമാധ്യമങ്ങളിൽ

കൂടെയുള്ള പൊതുപ്രാർത്ഥനകളിൽ പങ്കെടുക്കുകയോ ചെയ്യുന്നവർക്കും ജൂബിലിയുടെ ദണ്ഡവിമോചനം ലഭിക്കും.

അതുപോലെ തടവറകളിൽ പരിമിതമായ സ്വാതന്ത്ര്യത്തിൽ ജീവിക്കുന്നവർക്ക് ജയിലുകളിലെ ചാപ്പലുകളിൽനിന്ന് ദണ്ഡവിമോചനം സ്വീകരിക്കാനാവുമെന്ന് പാപ്പ പറഞ്ഞു. യഥാർത്ഥമായ മാനസാന്തരത്തോടെ സമൂഹത്തിലേക്ക് തിരിച്ചുവരുവാനും സത്യസന്ധമായി ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന തടവുകാർക്ക് പിതാവിന്റെ കരുണ അനുഭവവേദ്യമാകട്ടെ എന്ന് പാപ്പാ ആശംസിച്ചു. ഒരോ തവണ സെല്ലിന്റെ വാതിലിലൂടെ കടന്നുപോകുമ്പോഴും പ്രാർത്ഥനയും ചിന്തയും പിതാവിലേക്ക് ഉയർത്തിക്കൊണ്ട് വിശുദ്ധവാതിലിലൂടെ കടന്നുപോകുന്ന അനുഭവം അവർക്ക് പൂർത്തീകരിക്കാൻ സാധിക്കും. കാരണം ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്ന ദൈവകരുണയ്ക്ക് അഴികളെ സ്വാതന്ത്ര്യത്തിന്റെ അനുഭവമാക്കി രൂപാന്തരപ്പെടുത്താനും സാധിക്കും; പാപ്പാ വിശദീകരിച്ചു.

വിശ്വാസികൾ കരുണയുടെ പ്രവൃത്തികൾ ചെയ്യുമ്പോൾ തീർച്ചയായും അവർക്ക് ദണ്ഡവിമോചനം ലഭിക്കും. വിശ്വാസത്തോടും പ്രത്യാശയോടും ഉപവിയോടുംകൂടെ ചെയ്യുന്ന എല്ലാ പ്രവൃത്തികളുടെയും ഫലമാണ് ജൂബിലിയിലെ പൂർണ്ണദണ്ഡവിമോചനം. നമ്മുടെയിടയിൽനിന്ന് വേർപിരിഞ്ഞുപോയവർക്കും ഈ ദണ്ഡവിമോചനം സാധ്യമാണ്. അവർക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് വിശുദ്ധരുടെ കൂട്ടായ്മ എന്ന മഹാരഹസ്യത്തോട് ചേർന്ന് പ്രാർത്ഥിക്കുമ്പോൾ പിതാവിന്റെ കരുണ സകല പാപങ്ങളും മോചിച്ച് അവരെ സ്വർഗത്തിൽ എത്തിക്കും. പാപ്പാ വ്യക്തമാക്കി.